# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-11-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ബംഗ്ലാദേശിലെ സർക്കാർ വിരുദ്ധ വിദ്യാർത്ഥി പ്രക്ഷോഭം അടിച്ചമർത്തിയതുമായി ബന്ധപ്പെട്ട കേസിൽ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്ക് വധശിക്ഷ വിധിച്ച് ധാക്കയിലെ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ. ബംഗ്ലാദേശിൽ സമാധാനം ഉറപ്പുവരുത്തുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം.

   **Bangladesh's International Crimes Tribunal has sentenced former Prime Minister Sheikh Hasina to death for crimes against humanity. Ministry of External Affairs has said that India, as a close neighbour remains committed to the best interests of the people of Bangladesh.**

2. സൗദി അറേബ്യയിൽ ഇന്ത്യയിൽ നിന്നുള്ള ഉംറ തീർത്ഥാടകർ സഞ്ചരിച്ചിരുന്ന ബസ്, ഡീസൽ ടാങ്കറിൽ ഇടിച്ചുണ്ടായ അപകടത്തിൽ 42 മരണം. പ്രത്യേക കൺട്രോൾ റൂം സജ്ജീകരിച്ച് ഇന്ത്യൻ കോൺസുലേറ്റ്.

   **Forty Two Indian Umra Pilgrims killed after bus carrying them collides with a diesel tanker on its way to Madinah in Saudi Arabia this morning; Indian Embassy in Riyadh and Consulate in Jeddah providing all possible assistance.**

3. തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. എൽ.ഡി.എഫ് ഇന്ന് പ്രകടന പത്രിക പുറത്തിറക്കി.

**Campaigns for local body polls intensified in Kerala. LDF released its election manifesto today.**

4. ബിഹാറിൽ സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ അന്തിമഘട്ടത്തിൽ. സത്യപ്രതിജ്ഞാ ചടങ്ങ് ഈ മാസം 20 ന്.

**Talks for government formation in Bihar are in final stage. The swearing-in ceremony of the new cabinet is to be held on 20th November at Gandhi Maidan in Patna.**

5. അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളുടെ നിരക്ക് 26 ശതമാനം വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ.

**The Government has announced 26 percent increase in rates for advertisements in Print Media.**

## REV. DAY BANGLA - SHEIKH HASINA

ബംഗ്ലാദേശിലെ സർക്കാർ വിരുദ്ധ വിദ്യാർത്ഥി പ്രക്ഷോഭം അടിച്ചമർത്തിയതുമായി ബന്ധപ്പെട്ട കേസിൽ മുൻ പ്രധാനമന്ത്രി ഷെയ്ഖ് ഹസീനക്ക് വധശിക്ഷ വിധിച്ച് ധാക്കയിലെ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ. മാനവികതയ്ക്ക് എതിരായ കുറ്റകൃത്യമെന്ന് വ്യക്തമാക്കിയാണ് മാസങ്ങൾ നീണ്ട വിചാരണക്കൊടുവിൽ ട്രൈബ്യൂണൽ ശിക്ഷ വിധിച്ചത്. കൂട്ടക്കൊല, വധശ്രമം, മനുഷ്യാവകാശ ലംഘനം തുടങ്ങിയ കുറ്റകൃത്യങ്ങളാണ് ഹസീനയ്ക്കെതിരെ ചുമത്തിയിരിക്കുന്നത്. ശിക്ഷാവിധിക്കു പിന്നാലെ ബംഗ്ലാദേശിൽ സുരക്ഷ ശക്തമാക്കി. കഴിഞ്ഞ വർഷം ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ നടന്ന പ്രക്ഷോഭം അടിച്ചമർത്താൻ ഹസീനയുടെ നേതൃത്വത്തിലുണ്ടായിരുന്ന സർക്കാർ അതിക്രൂരമായ മനുഷ്യാവകാശ ലംഘനങ്ങൾ നടത്തിയെന്നാണ് കോടതിയുടെ കണ്ടെത്തൽ. ബംഗ്ലാദേശ് മുൻ ആഭ്യന്തരമന്ത്രി അസദുസ്സമാൻ ഖാൻ കമൽ, മുൻ പോലീസ് മേധാവി ചൗധരി അബ്ദുല്ല അൽ മാമുൻ എന്നിവരും കേസുകളിൽ പ്രതികളാണ്.

## MEA-BANGLADESH

ബംഗ്ലാദേശിൽ സമാധാനവും, ജനാധിപത്യവും സുസ്ഥിരതയും ഉറപ്പുവരുത്തുന്നതിൽ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് വിദേശകാര്യ മന്ത്രാലയം. ഇതിനായി ഇന്ത്യ ക്രിയാത്മക ഇടപെടലുകൾ നടത്തുമെന്നും മന്ത്രാലയം അറിയിച്ചു. ഷെയ്ഖ് ഹസീനയുമായി ബന്ധപ്പെട്ട് ധാക്കയിലെ അന്താരാഷ്ട്ര കുറ്റകൃത്യ ട്രൈബ്യൂണൽ പ്രഖ്യാപിച്ച വിധി ശ്രദ്ധയിൽപ്പെട്ടതായും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി.

## Umrah pilgrims

സൗദി അറേബ്യയിൽ മദീനയ്ക്ക് സമീപം ഇന്ത്യയിൽ നിന്നുള്ള ഉംറ തീർത്ഥാടകർ സഞ്ചരിച്ചിരുന്ന ബസ്, ഡീസൽ ടാങ്കറിൽ ഇടിച്ചുണ്ടായ അപകടത്തിൽ 42 മരണം. ഇന്ന് പുലർച്ചെ ഇന്ത്യൻ സമയം 1.30 ഓടെയാണ് അപകടമുണ്ടായത്. ഉംറ നിർവഹിച്ച ശേഷം മടങ്ങുകയായിരുന്ന തീർത്ഥാടകരാണ് അപകടത്തിൽപ്പെട്ടത്. സംഭവത്തിൻറെ പശ്ചാത്തലത്തിൽ ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നു. ഹെൽപ് ലൈൻ നമ്പരുകളും സജ്ജീകരിച്ചിട്ടുണ്ട്. റിയാദിലെ ഇന്ത്യൻ എംബസി എല്ലാ സഹായവും നൽകി വരുന്നതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ അറിയിച്ചു. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള നേതാക്കൾ സംഭവത്തിൽ ദുഖം രേഖപ്പെടുത്തി.

## EVE SHAH - NORTHERN ZONAL COUNCIL

വടക്കൻ മേഖല കൗൺസിൽ യോഗം കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ഹരിയാനയിലെ ഫരീദാബാദിൽ ഇന്ന് ചേർന്നു. പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, രാജസ്ഥാൻ, ജമ്മുകശ്മീർ, ഡൽഹി മുഖ്യമന്ത്രിമാർ, ഡൽഹി, ജമ്മു കശ്മീർ, ലഡാക്ക് എന്നിവിടങ്ങളിലെ ലെഫ്റ്റനന്റ് ഗവർണർമാർ, ചണ്ഡീഗഢ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയവർ യോഗത്തിൽ

പങ്കെടുത്തു. ഡൽഹി സ്ഫോടനത്തിൽ മരിച്ചവരോടുള്ള ആദര സൂചകമായി മൗനം ആചരിച്ച ശേഷമാണ് യോഗം ആരംഭിച്ചത്. സംസ്ഥാനങ്ങൾ തമ്മിലും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കിടയിലും നിലനിൽക്കുന്ന വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള വേദിയായാണ് മേഖല കൗൺസിലുകൾ പ്രവർത്തിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁

## ELECTION – KERALA

കേരളം തദ്ദേശ തിരഞ്ഞെടുപ്പ് ചൂടിലേക്ക്. സ്ഥാനാർത്ഥി നിർണയം പൂർത്തിയായ മണ്ഡലങ്ങളിൽ നാമനിർദേശ പത്രികാ സമർപ്പണത്തിലേക്ക് കടന്നിരിക്കുകയാണ് വിവിധ മുന്നണികൾ. ഈ മാസം 21 വരെയുള്ള പത്രിക സമർപ്പണത്തിന് ശേഷം സൂക്ഷ്മ പരിശോധന 22-ന് നടക്കും. നവംബർ 24 വരെ പത്രിക പിൻവലിക്കാം. 23,576 വാർഡുകളിലേക്ക് അടുത്ത മാസം ഒമ്പതിനും പതിനൊന്നിനും രണ്ട് ഘട്ടങ്ങളായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 13 ന് നടക്കും. തദ്ദേശ തെരഞ്ഞെടുപ്പിനുള്ള പ്രകടന പത്രിക എൽഡിഎഫ് ഇന്ന് പുറത്തിറക്കി.

❁❁❁❁❁❁❁❁❁❁❁❁

## BIHAR

ബിഹാറിൽ സർക്കാർ രൂപീകരണത്തിനുള്ള ചർച്ചകൾ അന്തിമഘട്ടത്തിൽ. സത്യപ്രതിജ്ഞാ ചടങ്ങ് ഈ മാസം 20 ന് നടക്കും. പട്നയിലെ ഗാന്ധി മൈതാനിൽ സത്യപ്രതിജ്ഞയ്ക്കുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുകയാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള പ്രമുഖർ ചടങ്ങിൽ പങ്കെടുക്കും. ബിജെപി നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാനായി എംഎൽഎമാരുടെ യോഗം നാളെ ചേരും. JDU വിൻറെ ഇന്ന് ചേരാനിരുന്ന ലെജിസ്ലറ്റീവ് പാർട്ടി യോഗം മറ്റന്നാളത്തേക്ക് മാറ്റി. ഇതിൻറെ അടിസ്ഥാനത്തിൽ നാളെ നടക്കാനിരുന്ന എൻഡിഎ നിയമസഭാ കക്ഷി യോഗവും മറ്റൊരു തീയതിയിലേക്ക് മാറാനാണ് സാധ്യത. ഇന്ന് ചേർന്ന

RJD ലെജിസ്ലേറ്റീവ് പാർട്ടി യോഗം തേജസ്വി യാദവിനെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുത്തു.

☸☸☸☸☸☸☸☸☸☸☸☸

## General Upendra Dwivedi (intro)

88 മണിക്കൂർ കൊണ്ട് പൂർത്തീകരിച്ച പ്രാരംഭ നടപടി മാത്രമായിരുന്നു ഓപ്പറേഷൻ സിന്ദൂറിൽ നടന്നതെന്ന് കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. ഭാവിയിൽ ഏത് വിധ വെല്ലുവിളികളെയും നേരിടാൻ ഇന്ത്യ സജ്ജമാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ ചാണക്യ ഡിഫൻസ് ഡയലോഗിന് മുന്നോടിയായി നടന്ന ചടങ്ങിൽ വ്യക്തമാക്കി. ഇന്ത്യയോടുള്ള പെരുമാറ്റം ഉത്തരവാദിത്തപൂർവ്വമാകണമെന്ന പാഠം പാകിസ്ഥാനെ പഠിപ്പിക്കാൻ സായുധ സേനയ്ക്ക് സാധിച്ചതായും അദ്ദേഹം പറഞ്ഞു. ജമ്മു കശ്മീർ കേന്ദ്രീകരിച്ചുള്ള ഭീകര പ്രവർത്തനത്തിൽ കാര്യമായ കുറവ് വന്നതായും കരസേനാ മേധാവി വ്യക്തമാക്കി. (ഹോൾഡ്)

☸☸☸☸☸☸☸☸☸☸☸☸

## Assam

അസമിൽ 2026 ജനുവരി 1 യോഗ്യത തീയതിയാക്കി പ്രത്യേക വോട്ടർ പട്ടിക പരിഷ്കരണത്തിന് ഉത്തരവിട്ട് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കരട് വോട്ടർ പട്ടിക അടുത്ത മാസം 27 ന് പ്രസിദ്ധീകരിക്കാൻ സംസ്ഥാനത്തെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് കമ്മീഷൻ നിർദ്ദേശം നൽകി. അവകാശവാദങ്ങളും, എതിർപ്പുകളും ഡിസംബർ 27 മുതൽ ജനുവരി 22 വരെ അറിയിക്കാൻ അവസരമുണ്ടായിരിക്കും. അന്തിമ വോട്ടർ പട്ടിക 2026 ഫെബ്രുവരി 10 ന് പ്രസിദ്ധീകരിക്കും.

☸☸☸☸☸☸☸☸☸☸☸☸

## PREZ-FINANCE COMMISSION

അരവിന്ദ് പനഗരിയയുടെ നേതൃത്വത്തിലുള്ള പതിനാറാം ധനകാര്യ കമ്മീഷൻ അംഗങ്ങൾ ഇന്ന് രാഷ്ട്രപതി ദ്രൗപതി മുർമുവിനെ സന്ദർശിച്ചു. 2026-2031 ലെ കമ്മീഷൻ റിപ്പോർട്ട്

കൂടിക്കാഴ്ചയിൽ സമർപ്പിച്ചതായി രാഷ്ട്രപതി സമൂഹ മാധ്യമത്തിൽ കുറിച്ചു .

☸☸☸☸☸☸☸☸☸☸☸☸

## I AND B RATES DIVISION

അച്ചടി മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളുടെ നിരക്ക് 26 ശതമാനം വർദ്ധിപ്പിച്ച് കേന്ദ്ര സർക്കാർ. ഒരു ലക്ഷം കോപ്പി വരെ അച്ചടിക്കുന്ന പത്രമാധ്യമങ്ങളിലെ ബ്ലാക്ക് ആൻഡ് വൈറ്റ് പരസ്യങ്ങൾക്കുള്ള നിരക്ക് ചതുരശ്ര സെൻറിമീറ്ററിന് 47 രൂപ 40 പൈസയിൽ നിന്നും 59 രൂപ 68 പൈസയായാണ് വർദ്ധിപ്പിച്ചത്. 9-മത് നിരക്ക് പുനർനിർണയ സമിതി ശുപാർശ പ്രകാരമാണ് നടപടി. സർക്കാർ പരസ്യങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുന്നത് അച്ചടി മാധ്യമങ്ങൾക്ക് സാമ്പത്തികമായി ഏറെ ഗുണം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸

## SABARIMALA (INTRO)

വൻ ഭക്തജനത്തിരക്കിൽ ശബരിമല സന്നിധാനം. ഇന്ന് വൈകിട്ട് അഞ്ചുവരെയുള്ള കണക്കനുസരിച്ച് ദർശനം നടത്തിയത് 79,036 പേർ. ശബരിമല സ്വർണ്ണ കവർച്ചയുമായി ബന്ധപ്പെട്ട് പ്രത്യേക അന്വേഷണ സംഘത്തിൻ്റെ ശാസ്ത്രീയ പരിശോധനയും സന്നിധാനത്ത് നടന്നു.

വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...

(വോയ്സ്)

☸☸☸☸☸☸☸☸☸☸☸☸

## NARAYANAN-ISRO MISSION

ഈ സാമ്പത്തിക വർഷത്തിൽ പുതിയ ഏഴ് വിക്ഷേപണ ദൗത്യങ്ങൾക്ക് പദ്ധതിയിട്ട് ഐഎസ്ആർഒ . വാണിജ്യ-ആശയവിനിമയ ഉപഗ്രഹം, പിഎസ്എൽവി, ജിഎസ്എൽവി വിക്ഷേപണങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸

## Milk society award Palakkad (Intro)

കേന്ദ്ര മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് 2025-ലെ ദേശീയ ഗോപാൽ രത്ന അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു. മികച്ച ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ആദ്യ രണ്ട് പുരസ്കാരങ്ങൾ വയനാട് മീനങ്ങാടി, പാലക്കാട് കുന്നംകാട്ടുപതി ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ സ്വന്തമാക്കി.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

**(ഹോൾഡ് ഫോർ വോയ്സ്)**

❁❁❁❁❁❁❁❁❁❁❁❁

## WEATHER - KERALA

ന്യൂനമർദ്ദ പാത്തിയുടെ സ്വാധീനത്താൽ സംസ്ഥാന വ്യാപകമായി ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജില്ലകളിലും മലപ്പുറത്തും കോഴിക്കോടും ഇന്ന് മഞ്ഞ ജാഗ്രതയാണ്. ആറ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 388 പോയിൻറ് നേട്ടത്തിൽ 84,951 ലും നിഫ്റ്റി 103പോയിൻറ് നേട്ടത്തിൽ 25,013 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കൂടി. പവന് 240 രൂപ കൂടി 91,960 രൂപയും ഗ്രാമിന് 11,495 രൂപയുമാണ് വില.

❁❁❁❁❁❁❁❁❁❁❁❁

## ISSF - SHOOTING

ഈജിപ്റ്റിലെ കെയ്റോയിൽ നടന്ന ഐഎസ്എസ്എഫ് ഷൂട്ടിംഗ് ലോക ചാമ്പ്യൻഷിപ്പ് പുരുഷന്മാരുടെ 25 മീറ്റർ സെന്റർ പിസ്റ്റൾ ഫയർ ഇനത്തിൽ ഒളിമ്പ്യൻ ഗുർപ്രീത് സിംഗ് വെള്ളി മെഡൽ നേടി. ലോക ചാമ്പ്യൻഷിപ്പിൽ ഗുർപ്രീതിന്റെ രണ്ടാമത്തെ വ്യക്തിഗത മെഡലാണിത്. ലോക ചാമ്പ്യൻഷിപ്പിൽ മൂന്ന്

സ്വർണ്ണം ഉൾപ്പെടെ 13 മെഡലുകൾ നേടി ചൈനയ്ക്കും കൊറിയയ്ക്കും പിന്നിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ .

☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸
☸☸☸☸☸